1. i) മുത്തുകൾ എണ്ണി സംഖ്യകൾ എഴുതി കൂട്ടുക.



പ	ഒ

ii) കൂട്ടുക.

പ	ഒ
2	4
+ 3	2

2. ഒരു സ്കൂൾ ലൈബ്രറിയിൽ 74 ഉണ്ടായിരുന്നു. കൂടുതലായി 25 വാങ്ങി. ഇപ്പോൾ ലൈബ്രറിയിൽ ഉള്ള ആകെ എത്ര?

പ	ഒ
+	

3. i) കുറച്ച്, ബാക്കി മുത്തുകളുടെ എണ്ണം കണ്ടുപിടിക്കുക.



പ	ഒ
−	

ii) കുറച്ച് എഴുതുക.

പ	ഒ
9	8
− 7	1

4. ഒരു കടയിൽ 68 ഉണ്ടായിരുന്നു. അവയിൽ 32 വിറ്റുപോയി എങ്കിൽ ബാക്കിയുള്ള എത്ര?

പ	ഒ
−	

5. വിട്ടുപോയ സംഖ്യകൾ എഴുതി; കൂട്ടൽ, കുറയ്ക്കൽ പ്രസ്താവനകൾ പൂർത്തിയാക്കുക.

20 50 30

20 + 30 = ____

30 + ____ = 50

50 - 30 = ____

____ - 20 = 30

ഞാൻ ചെയ്യും

6. തെറ്റ് കണ്ടുപിടിച്ച് പറയുക.

i) 

61 + 3 = 94

ii) 

54 + 23 = 77

7. തെറ്റ് കണ്ടുപിടിച്ച് പറയുക.

i) 

57 – 42 = 15

ii) 

94 – 41 = 35

പ്രോജക്ട്

8. നിങ്ങളുടെ കൂടെ പഠിക്കുന്ന സഹ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട പഴങ്ങളുടെ പേരുകൾ ചോദിച്ച്, താഴെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

പഴത്തിന്റെ പേര്					
കുട്ടികളുടെ എണ്ണം					

i) ഏറ്റവും കൂടുതൽ കുട്ടികൾ ഇഷ്ടപ്പെടുന്ന പഴം ഏത്? _____

ii) ഏറ്റവും കുറവ് കുട്ടികൾ ഇഷ്ടപ്പെടുന്ന പഴം ഏത്? _____

iii) _____ പഴം ഇഷ്ടപ്പെടുന്ന കുട്ടികളുടെ എണ്ണത്തേക്കാൾ
_____ പഴം ഇഷ്ടപ്പെടുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

iv) _____ പഴം ഇഷ്ടപ്പെടുന്ന കുട്ടികളുടെ എണ്ണത്തേക്കാൾ
_____ പഴം ഇഷ്ടപ്പെടുന്ന കുട്ടികളുടെ എണ്ണം കൂടുതലാണ്.

v) കുട്ടികൾ തുല്യ എണ്ണത്തിൽ ഇഷ്ടപ്പെടുന്ന പഴം ഏതെങ്കിലും ഉണ്ടായിരുന്നുവോ? _____

9. തന്നിട്ടുള്ള അളവുരീതികൾ ഉപയോഗിച്ച് നൽകപ്പെട്ടിട്ടുള്ള വസ്തുക്കളുടെ നീളം അളന്ന് പട്ടിക പൂർത്തിയാക്കുക..

അളവു രീതികൾ				
	നിങ്ങളുടെ അളവ്	സഹോദരന്റെ / സഹോദരിയുടെ അളവ്	നിങ്ങളുടെ അളവ്	സഹോദരന്റെ / സഹോദരിയുടെ അളവ്
				
				

പഠനയാത്ര

1 മുതൽ 99 വരെയുള്ള സംഖ്യകളുടെ കുറയ്ക്കൽ

1 മുതൽ 99 വരെയുള്ള സംഖ്യകളുടെ കൂട്ടൽ

1 മുതൽ 99 വരെയുള്ള സംഖ്യകളെ താരതമ്യം ചെയ്യൽ

1 മുതൽ 99 വരെയുള്ള സംഖ്യകൾ വായിക്കൽ, എഴുതൽ

വസ്തുക്കളെ മുഖങ്ങൾ, വക്കുകൾ, ശീർഷങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കൽ.



രണ്ടാം ക്ലാസ്

STANDARD TWO

ഘട്ടം - I

TERM - I

പരിസര പഠനം

ENVIRONMENTAL SCIENCE

മുഖവുര

തമിഴ്നാട് സർക്കാരിന്റെ സംസ്ഥാന വിദ്യാഭ്യാസ നയം (TNSEP) 2025ന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ശാസ്ത്രത്തിന്റെ പാഠപുസ്തകം രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഈ പാഠപുസ്തകം വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പര്യവേഷണം ചെയ്തു മനസ്സിലാക്കുന്ന രീതിയിൽ പഠനത്തിന് പ്രാധാന്യം നൽകിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

നിരീക്ഷിച്ച് ചർച്ച ചെയ്യൽ
ചിത്രങ്ങൾ, ജീവിതസാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതു മൂലം നിരീക്ഷണപാടവം, ചോദ്യംചോദിക്കൽ, താരതമ്യം ചെയ്യൽ, പ്രകടനശേഷി മുതലായവ വികസിപ്പിക്കൽ.

പ്രവർത്തനങ്ങളിലൂടെ പഠിക്കാം
ലളിതമായ പ്രവർത്തനങ്ങളിലൂടെ പര്യവേക്ഷണം, സർഗ്ഗാത്മകത, വൈജ്ഞാനികശേഷി അളക്കൽ, രേഖപ്പെടുത്തൽ മുതലായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തൽ.

പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കാം
ലളിതമായ പരീക്ഷണങ്ങളിലൂടെ അനുമാനം, നിരീക്ഷണം കാരണമറിയൽ, നിഗമനങ്ങളിൽ എത്തിച്ചേരൽ മുതലായ നൈപുണ്യങ്ങൾ പ്രോത്സാഹിപ്പിക്കൽ.

പ്രവർത്തന സമയം
വിനോദം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ മുതലായവയിലൂടെ പര്യവേഷണം, സഹകരണം പ്രകടനശേഷി എന്നിവ മെച്ചപ്പെടുത്തൽ.

ഒന്നാംഘട്ട പാഠപുസ്തകത്തിന്റെ രണ്ട് യൂണിറ്റുകളിലും പുരോഗമനപരമായ പഠനസമീപനം (Progressive Learning) സ്വീകരിച്ചിരിക്കുന്നു.

1. എന്നെക്കുറിച്ച്...

- സുഹൃത്തുക്കളുമായി ചേർന്നുള്ള സഹകരണ മനോഭാവം വളർത്താനും സഹായ മനസ്കത വളർത്താനും വിവിധ സാഹചര്യങ്ങളിൽ വികാരങ്ങൾ പ്രകടമാക്കാനുമുള്ള രീതികൾ പഠിക്കൽ.
- പഞ്ചേന്ദ്രിയങ്ങളെ ഉപയോഗിച്ച് വസ്തുക്കൾ വിവരിക്കൽ.
- വീട്ടിലും വിദ്യാലയത്തിലും പരിസര പ്രദേശങ്ങളിലും സുരക്ഷാനിയമം പാലിക്കൽ.

2. എനിക്ക് ചുറ്റും

- പ്രകാശം, വായു, വെള്ളം, മണ്ണ് മുതലായവ നിരീക്ഷിച്ച് അവയുടെ ഉപയോഗം മനസ്സിലാക്കൽ.
- ജലസ്രോതസ്സുകളെക്കുറിച്ച് പഠിച്ച് പരിസ്ഥിതി വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കൽ.
- ജീവജാലങ്ങളുടെ വൈവിധ്യം മനസ്സിലാക്കുകയും അവയുടെ സവിശേഷതകൾ, ആവാസവ്യവസ്ഥകൾ, ചലനം മുതലായവ അടിസ്ഥാനമാക്കി തരംതിരിക്കുകയും ചെയ്യൽ.

പാഠപുസ്തകത്തിന്റെ സവിശേഷ ഘടകങ്ങൾ

ദൈനംദിന ജീവിത ബന്ധം

- സാഹചര്യ സംബന്ധമായ പഠനം
- ദൈനംദിന ജീവിത അനുഭവങ്ങളുമായി ബന്ധിപ്പിക്കൽ
- പാരിസ്ഥിതികവും, സാമൂഹികവുമായ ബോധവൽക്കരണം

21 ാം നൂറ്റാണ്ടിന് ആവശ്യമായ ശേഷികൾ

- സൂക്ഷ്മമായ ചിന്ത, സർഗ്ഗാത്മകത, സഹകരണം, ആശയവിനിമയം, പ്രശ്നപരിഹാരം മുതലായ നൈപുണ്യങ്ങൾക്ക് പ്രാധാന്യം നൽകൽ.

സമ്പൂർണ്ണ വികസനം

- മൂല്യങ്ങൾ, ജീവിത നൈപുണ്യം, സാമൂഹിക നൈപുണ്യം, വൈകാരിക വികസനം മുതലായവയ്ക്ക് പ്രാധാന്യം നൽകൽ.
- പ്രവർത്തനങ്ങളിലൂടെ സൂക്ഷ്മവും, സ്ഥൂലവുമായ ചാലകവൈദഗ്ധ്യ ശേഷി വികസിപ്പിക്കൽ.

ബോധന സഹായി

- പ്രായത്തിനനുസരിച്ചുള്ള ലളിതമായ ഭാഷാപ്രയോഗം.
- പാഠപുസ്തകവുമായി സംയോജിപ്പിച്ച ഒരു പരിശീലന പുസ്തകം.
- അധ്യാപക സഹായി.
- ഡിജിറ്റൽ ഉറവിടങ്ങളും, ICTഉപകരണങ്ങളും.

മൂല്യനിർണ്ണയം, ബോധന മുന്നേറ്റത്തിന് സഹായിക്കുന്നവ

പഠന യാത്ര
നിരീക്ഷണപരവും പ്രവർത്തനപരവുമായ ലളിതമായ ചോദ്യങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഗ്രാഹ്യശേഷി വിലയിരുത്തപ്പെടുന്നു. ഇത് പഠനപുരോഗതിയും, കൂടുതൽശ്രദ്ധ ആവശ്യമുള്ള മേഖലകളും തിരിച്ചറിയാൻ സഹായിക്കുന്നു.

ഞാൻ പഠിച്ചവ
വിദ്യാർത്ഥികൾ പഠിച്ച പ്രധാന ആശയങ്ങൾ ഓർമ്മിക്കാനും അവയെക്കുറിച്ച് ചിന്തിക്കാനും സഹായിക്കുന്നു. കൂടാതെ പഠന അവലോകനത്തിനും പ്രചോദനത്തിനും സഹായകമാകുന്നു

ഞാൻ ചെയ്യും
ലളിതമായ വായ് മൊഴി,വരമൊഴി പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠിച്ചതിനെ പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകി വിദ്യാർത്ഥികളുടെ ആത്മവിശ്വാസത്തെയും സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

ഈ പാഠപുസ്തകം ശാസ്ത്രത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പഠനം രസകരമാക്കി അർത്ഥം ഉൾക്കൊണ്ട് പഠിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ വിദ്യാർത്ഥികളുടെ മൂല്യങ്ങളും, നൈപുണ്യങ്ങളും വികസിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ അവരുടെ സമഗ്രവികസനത്തിന് സഹായകരമാകുന്നു. ഇത് വിദ്യാർത്ഥികളെ ഉത്സാഹഭരിതരായ പഠിതാക്കളായും, സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളായും വളർത്തിയെടുക്കാൻ സഹായകരമാക്കുന്നു.

ഉള്ളടക്കം

യൂണിറ്റ് - 1 എന്നെക്കുറിച്ച്...

എന്റെ കുടുംബവും സുഹൃത്തുക്കളും 80

ഇന്ദ്രിയങ്ങൾ, സംരക്ഷണം 88

യൂണിറ്റ് - 2 എനിക്ക് ചുറ്റും...

അത്ഭുത പ്രകൃതി 103

നമുക്ക് ചുറ്റുമുള്ള മൃഗങ്ങൾ 117

e–book i–book

1 എന്നെക്കുറിച്ച്...

എന്റെ കുടുംബവും കൂട്ടുകാരും

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

മീനയുടെ കുടുംബം

എന്റെ അച്ഛൻ അതിരാവിലെ മീൻ പിടിക്കാൻ പോകും.

എന്റെ അമ്മ മീൻ കച്ചവടം ചെയ്യും.

കടൽ മണലിൽ കളിക്കാൻ എനിക്ക് ഇഷ്ടമാണ്.

ഞങ്ങൾ ഒരുമിച്ചിരുന്നാണ് രാത്രി ഭക്ഷണം കഴിക്കുന്നത്.

വരയ്ക്കുക.



സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

എന്റെ അമ്മ ഒരു ചെറിയ കട നടത്തുന്നുണ്ട്.

അവർ മൊത്ത വ്യാപാരചന്തയിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത്

ആ സാധനങ്ങളെ കടയിൽ ശരിയായ ക്രമത്തിൽ അടുക്കിവച്ചാണ് വിൽക്കുന്നത്.

കടയിൽ എന്റെ അമ്മയോടൊപ്പം ഇരിക്കാൻ എനിക്ക് ഇഷ്ടമാണ്. എന്റെ അമ്മയെ ഓർത്ത് ഞാൻ അഭിമാനം കൊള്ളുന്നു.

ഓരോ കുടുംബത്തിലെയും ദിനചര്യാക്രമം വ്യത്യസ്തമായിരിക്കും.

നിങ്ങളുടെ കുടുംബത്തിലെ ദിനചര്യ പ്രവർത്തനങ്ങൾ ഏവ? ചർച്ച ചെയ്യുക.

വരയ്ക്കുക.

മുതിർന്നവരെ നിങ്ങൾ എപ്രകാരം സഹായിക്കും? ചർച്ച ചെയ്യുക.

ചെയ്തു പഠിക്കാം

1. കവിത തന്റെ മുത്തച്ഛനും മുത്തശ്ശിയ്ക്കും എന്ത് നൽകി സഹായിക്കും? വരച്ച് എഴുതുക?

കുട

കസേര

പച്ചക്കറികൾ

വെള്ളം



2. രൂപങ്ങൾ വരച്ചു പൂർത്തിയാക്കുക.



പ്രവർത്തന സമയം

ക്ലാസിലെ സഹപാഠികളെക്കുറിച്ച് നിങ്ങൾക്കറിയാമോ?

1. ഞാൻ ഓർമ്മിക്കും!

2. സുഹൃത്തിനോട് ചർച്ച ചെയ്യും.

- വിദ്യാർത്ഥികൾ എല്ലാവരും തങ്ങളുടെ പേര് പറയുന്നത് വരെ കളി തുടരണം.
- വിദ്യാർത്ഥികൾ, രണ്ട്രണ്ടുപേർ ചേർന്ന് തങ്ങൾക്ക് ഇഷ്ടപ്പെട്ട കളി, ഭക്ഷണം, നിറങ്ങൾ എന്നിവയെ കുറിച്ച് സംസാരിക്കുകയും തുടർന്ന്, അത് ക്ലാസ്സിൽ ചർച്ച ചെയ്യുകയും വേണം.

വിദ്യാലയത്തിൽ ഞങ്ങൾ.....

ഒന്നായി പഠിക്കും



മറ്റുള്ളവരെ സഹായിക്കും

വസ്തുക്കൾ പരസ്പരം പങ്കിട്ട് ഉപയോഗിക്കും.



ഒരുമിച്ച് ഭക്ഷണം കഴിക്കും.



ഒരുമിച്ച് കളിക്കും.

ചെയ്തു പഠിക്കാം

1. ഒരുമിച്ചു കളിക്കുക

ഒരു A4 പേപ്പറിൽ 4 × 4 കോളങ്ങൾ വരയ്ക്കുക.

16 കാർഡുകൾ തയ്യാറാക്കുക.

8 വ്യത്യസ്ത ചിത്രങ്ങൾ വരയ്ക്കുക. ഒരേ ചിത്രങ്ങളുള്ള 2 കാർഡുകൾ വരയ്ക്കുക.

വരച്ച 16 ചിത്രക്കാർഡുകൾ കമിഴ്ത്തി വയ്ക്കുക.

ഏതെങ്കിലും 2 ചിത്ര കാർഡുകൾ നിവർത്തുക. ഒരേ ചിത്രക്കാർഡ് ആണെങ്കിൽ എടുത്തു വയ്ക്കുക.

അവ വ്യത്യസ്ത ചിത്ര ക്കാർഡുകൾ ആണെങ്കിൽ അതേ സ്ഥാനത്ത് തന്നെ കമിഴ്ത്തി വയ്ക്കുക.

എല്ലാ ചിത്രക്കാർഡുകളും ചേർത്ത് എടുക്കുന്നതുവരെ കളി തുടരേണ്ടതാണ്.

2. നിങ്ങളുടെ സുഹൃത്തിനോട് അവർക്ക് ഇഷ്ടപ്പെട്ട പഴം,പച്ചക്കറി, നിറം, വിനോദം എന്നിവയെക്കുറിച്ച് ചോദിച്ച് എഴുതുക.

സുഹൃത്തിന്റെ പേര്	പഴം	പച്ചക്കറി	നിറം	വിനോദം

3. കടലാസ്പൂവ് നിർമ്മിച്ച് നിങ്ങളുടെ സുഹൃത്തിന് നൽകുക.



അധ്യാപക സഹായി

മുകളിൽ കൊടുത്തിട്ടുള്ള പ്രവർത്തനം ചെയ്യുന്നതിനായി വിദ്യാർഥികളെ സഹായിക്കുക.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

താഴെ നൽകിയിട്ടുള്ള പ്രവൃത്തിയുടെ സമയത്ത് രാമുവിന്റെ അവസ്ഥ എന്തായിരിക്കും?





ചെയ്തു പഠിക്കാം

1. ആരൊക്കെ എവിടെയാണ് ഇരിക്കുന്നത്?



അ) പ്രിയയുടെ ഇടതുവശത്ത് ഇരിക്കുന്നത് ആരാണ്? വിനയ്

ആ) രണ്ടാമത്തെ നിരയുടെ മധ്യത്തിൽ ആരാണ് ഇരിക്കുന്നത്? _____

ഇ) മീനയുടെ തൊട്ടുപിന്നിൽ ഇരിക്കുന്നത് ആരാണ്? _____

ഈ) താരയുടെ ഇരുവശത്തും ഇരിക്കുന്നത് ആരാണ്? _____, _____

ഉ) ഞാൻ രണ്ടാമത്തെ നിരയിലാണ് ഇരിക്കുന്നത് എന്റെ പേരിന്റെ ആദ്യ അക്ഷരം 'ര' എന്നാണ്, ഞാൻ ആര്? _____

ഊ) മേരിയുടെ വലതുവശത്ത് ആരാണ് ഇരിക്കുന്നത്? _____

2. നിങ്ങളുടെ ക്ലാസ് റൂം അലങ്കരിക്കുക.



അധ്യാപക സഹായി

മുകളിൽ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികളെ സഹായിക്കുക.

പഠനയാത്ര

1. ചിത്രം നോക്കുക. നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?

☐ ഞാൻ നോക്കി നിൽക്കും

☐ ഞാൻ അവിടെനിന്നും പോകും

☐ ഞാൻ മുത്തശ്ശിയെ സഹായിക്കും

2. എന്റെ സുഹൃത്തിന്റെ പേര് _____.

അവന് / അവൾക്ക് ഇഷ്ടപ്പെട്ട

ഭക്ഷണം _____

വിനോദം _____

നിറം _____

പഴം _____

3. സുഹൃത്തുക്കൾ നിങ്ങളുമായി വസ്തുക്കൾ പങ്കിടുമ്പോൾ നിങ്ങൾക്ക് തോന്നുന്നതിന് (✓) ചിഹ്നമിടുക.

☐ ☐ ☐ ☐

ഞാൻ പഠിച്ചവ

1. എന്റെ കുടുംബത്തിൽ നടക്കുന്ന ദിനചര്യയെക്കുറിച്ച് എനിക്ക് പറയാൻ കഴിയും.
2. സഹായം ആവശ്യമുള്ള മുതിർന്നവരെ എനിക്ക് സഹായിക്കാൻ കഴിയും.
3. സഹപാഠികളുമായി നല്ല ബന്ധം പുലർത്താൻ കഴിയും.
4. സുഹൃത്തുക്കളോട് സഹകരിക്കാനും സഹായിക്കാനും കഴിയും.

ഇന്ദ്രിയങ്ങൾ, സംരക്ഷണം

ഇന്ദ്രിയങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നമ്മുടെ ഇന്ദ്രിയങ്ങൾ ഏതൊക്കെ?
അവ നമുക്ക് എങ്ങനെ സഹായിക്കുന്നു?

നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ നമുക്ക് ചുറ്റുമുള്ള വസ്തുക്കളെ കാണാനും കേൾക്കാനും മണത്ത് അറിയാനും രുചിക്കാനും സ്പർശിക്കാനും നമ്മെ സഹായിക്കുന്നു.

ചെയ്തു പഠിക്കാം

1. നിങ്ങൾക്ക് ലഭിക്കുന്ന നിറം ഏത്?

- ചിത്രത്തിൽ കാണിച്ചിട്ടുള്ളത് പോലെ ഒരു നിറത്തിനു മുകളിൽ മറ്റൊരു നിറം ചേർക്കുക?
- ലഭിക്കുന്ന നിറം എഴുതുക.



നമുക്കുചുറ്റുമുള്ള വസ്തുക്കളുടെ നിറം, രൂപം എന്നിവ കാണുന്നതിന് നമ്മുടെ കണ്ണുകൾ നമ്മെ സഹായിക്കുന്നു.

ആകാശം എപ്പോഴും നീല നിറമായി കാണുമോ?

2. വൈകുന്നേരത്തെ ആകാശം വരച്ച് നിറം നൽകുക.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

രുചികരമായ...

ഭക്ഷണം രുചിച്ചറിയാൻ നമുക്ക് നമ്മുടെ നാവ് സഹായിക്കുന്നു.

അധ്യാപക സഹായി

വ്യത്യസ്ത ഭക്ഷണങ്ങളെക്കുറിച്ചും അവയുടെ രുചികളെക്കുറിച്ചും ചർച്ച ചെയ്യാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

ചെയ്തു പഠിക്കാം

1. ഞാൻ ആരാണ്? ചിത്രം വരച്ച് എന്റെ പേര് എഴുതുക.

(പാവയ്ക്ക, പച്ചമുളക്, നാരങ്ങ, വാഴപ്പഴം)

ഞാൻ നീളമുള്ളതും പച്ചനിറത്തിൽ എരിവുള്ള തുമായ ഒന്നാണ്.

_____

ഞാൻ നീളമുള്ളതും മഞ്ഞനിറത്തിൽ മധുരം ഉള്ളതുമായ ഒന്നാണ്.

_____

ഞാൻ മഞ്ഞനിറത്തിൽ ചെറുതും പുളിപ്പുള്ളതുമായ ഒന്നാണ്

_____

ഞാൻ പച്ചനിറത്തിൽ നീളമുള്ളതും കയ്പ്പുള്ളതുമായ ഒന്നാണ്. എന്റെ പുറംതോട് പരുപരുത്തതായി കാണപ്പെടുന്നു.

_____

2. വസ്തുക്കളെ സ്പർശിച്ചുകൊണ്ട് എഴുതുക

(മൃദുവായത്, കഠിനമായത്, തണുപ്പുള്ളത്, നനവുള്ളത്, വരണ്ടത്, വഴുവഴുപ്പ് ഉള്ളത്)

വെണ്ണ
വഴുവഴുപ്പ് ഉള്ളത്.

ഉണങ്ങിയ ഇല _____.

കല്ല് _____.

ചൂടുള്ളത് _____.

ഐസ് കട്ട _____.

നനഞ്ഞ തുണി

_____.

വസ്തുക്കളുടെ ഗുണങ്ങൾ തൊട്ടു മനസ്സിലാക്കാൻ നമ്മുടെ ത്വക്ക് നമ്മെ സഹായിക്കുന്നു.

കുട്ടികളോട് അവരുടെ ചുറ്റുമുള്ള വിവിധ വസ്തുക്കളിൽ സ്പർശിക്കാൻ ആവശ്യപ്പെടുക. മുകളിൽ കൊടുത്തിട്ടുള്ള വസ്തുക്കളുടെ ഗുണങ്ങൾക്കൊപ്പം ചൂടുള്ളത് ഭാരം ഉള്ളത്, ഭാരം കുറഞ്ഞത്,മൃദുവായത്, വഴുവഴുപ്പ് ഉള്ളത്,തരി തരിയായിട്ടുള്ളവ എന്നിവയും പരിചയപ്പെടുത്തുക.

പ്രവർത്തന സമയം

1. താഴെ തന്നിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്ത്, കേൾക്കുന്ന ശബ്ദത്തെ 'ഉച്ചത്തിലുള്ള ശബ്ദം (ഒച്ച)' അല്ലെങ്കിൽ 'മൃദുവായിട്ടുള്ള ശബ്ദം' എന്ന് എഴുതുക.

ഫാൻ പ്രവർത്തിപ്പിക്കുക.

_____

ബെൽ ശബ്ദിപ്പിക്കുക

_____

കാലുകൾ തട്ടുക

_____

കസേര നീക്കുക

_____

വാതിൽ തുറക്കുക

_____

നിങ്ങൾ പ്രഭാതത്തിൽ കേൾക്കുന്ന ശബ്ദങ്ങൾ ഏതൊക്കെ?

ബ്ലാക്ക് ബോർഡിൽ എഴുതുക

_____

കൈകൾ തട്ടുക

_____

ഉച്ചത്തിൽ അല്ലെങ്കിൽ മൃദുവായ ശബ്ദം കേൾക്കാൻ നമുക്ക് നമ്മുടെ ചെവികൾ സഹായിക്കുന്നു.

2. സുഹൃത്തുക്കളുമായി കളിക്കുക.

- സുഹൃത്തിന്റെ കണ്ണുകൾ കെട്ടുക.
- മറ്റ് സുഹൃത്തുക്കൾ ഓരോരുത്തരോടും മൃഗങ്ങളുടെ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ ആവശ്യപ്പെടുക.
- കണ്ണുകൾ കെട്ടിയ സുഹൃത്ത് ശബ്ദത്തിന് യോജിച്ച മൃഗത്തിന്റെ പേരും, അത് ഏത് വശത്ത് (അത് എവിടെ) നിന്നാണ് വരുന്നതെന്നും പറയേണ്ടതാണ്.

മുകളിൽ കൊടുത്തിട്ടുള്ള പ്രവർത്തനം ചെയ്യാൻ കുട്ടികളെ വഴി കാണിക്കേണ്ടതാണ്.

ചെയ്തു പഠിക്കാം

1. സുഗന്ധത്തിന് 🟢 നിറവും,
ദുർഗന്ധത്തിന് 🔴 നിറവും നൽകുക.

സുഗന്ധവും ദുർഗന്ധവും തിരിച്ചറിയാൻ നമുക്ക് നമ്മുടെ മൂക്ക് സഹായിക്കുന്നു.

2. താഴെ നൽകിയിട്ടുള്ള പദം ഉപയോഗിച്ച് പട്ടിക പൂർത്തിയാക്കുക.

നിറം – പച്ച, മഞ്ഞ, വെള്ള, പിങ്ക് ചുവപ്പ്
സ്വഭാവം – മൃദുവായത്, കഠിനമായത്, മിനുസമാർന്നത്, തരി തരിയായിട്ടുള്ളത്,
തരി – പോലുള്ളത്
ഗന്ധം – സുഗന്ധം, ദുർഗന്ധം
ശബ്ദം – ഉച്ചത്തിൽ, മൃദുവായ
രുചി – പുളിപ്പ്, മധുരം, ഉപ്പ്, ചവർപ്പ്

വസ്തുക്കൾ	നിറം	സ്വഭാവം	ഗന്ധം	ശബ്ദം	രുചി
നാരങ്ങ	മഞ്ഞ	മൃദുവായവ	സുഗന്ധം	x	പുളിപ്പ്
പഞ്ചസാര					
തത്ത					
ഉപ്പ്					
ബെൽ					
പൂടുള്ളത്					
റോസാപ്പൂവ്					
വാഴപ്പൂവ്					

സുരക്ഷ

വീട്ടിലെ സുരക്ഷ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

വീട്ടിൽ പാലിക്കേണ്ട സുരക്ഷാനിയമങ്ങൾ ഏവ?

കവിനും കനിയും അമ്മയോടൊപ്പം വീട്ടിലുണ്ട്.

അധ്യാപക സഹായി

വീട്ടിൽ പാലിക്കേണ്ട സുരക്ഷാനിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

വിദ്യാലയത്തിലെ സുരക്ഷ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

വിദ്യാലയത്തിൽ ഞാനും എന്റെ സുഹൃത്തുക്കളും എപ്രകാരം സുരക്ഷിതരായിരിക്കും?

"ഞാൻ നിയമങ്ങൾ പാലിക്കും എന്തെന്നാൽ_____."

അധ്യാപക സഹായി

വിദ്യാലയത്തിൽ സുരക്ഷാനിയമങ്ങൾ എന്തുകൊണ്ട് പാലിക്കണം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.

ചെയ്തു പഠിക്കാം

1. സുരക്ഷിതമായ പ്രവർത്തനങ്ങൾക്ക് പച്ച നിറവും സുരക്ഷിത മല്ലാത്ത പ്രവർത്തനങ്ങൾക്ക് ചുവപ്പു നിറവും ഉപയോഗിച്ച് കുത്തുകളെ യോജിപ്പിക്കുക.



2. ഇതുപോലുള്ള ഒരു സാഹചര്യം നേരിടേണ്ടി വന്നാൽ നിങ്ങൾ എന്ത്? ചെയ്യും (✓) ചിഹ്നം ഇടുക.

- ഞാൻ മിണ്ടാതിരിക്കും ☐
- “ദയവുചെയ്ത് നിർത്തൂ” എന്നു പറയും! ☐
- മാറിപ്പോകും ☐
- ഞാനും പിച്ചും ☐
- അധ്യാപകരോട് പറയും ☐
- സഹായം ചോദിക്കും ☐

അധ്യാപക സഹായി

ഇത്തരത്തിലുള്ള സുരക്ഷിതമല്ലാത്ത അവസ്ഥകളെക്കുറിച്ച് പറഞ്ഞ് വിദ്യാർത്ഥികൾ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചും സഹവിദ്യാർത്ഥികൾ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ ആവശ്യപ്പെടണം.

ജലാശയങ്ങളിലെ സുരക്ഷ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം.

ഉത്സവത്തിന് പോകുന്ന വഴിയിൽ...

അധ്യാപക സഹായി

ജലാശയങ്ങളുടെ അരികിൽ എത്തിയാൽ പിന്തുടരേണ്ട സുരക്ഷാമാർഗ്ഗങ്ങൾ ഊന്നിപ്പറയുക.

ചെയ്തു പഠിക്കാം

1. തെരഞ്ഞെടുത്ത് എഴുതുക.

- വൈദ്യുത തൂണിന് ചുറ്റും വെള്ളം കെട്ടി നിൽക്കുന്നു എങ്കിൽ ശ്രദ്ധിക്കണം.
- മുതിർന്നവരുടെ സഹായത്തോടെ മാത്രം നീന്താൻ തയ്യാറാകണം.
- പടികളിൽ വഴുതിവീഴാൻ സാധ്യതയുണ്ട്. സൂക്ഷിച്ചു നടക്കണം.
- വെള്ളം (ജലാശയം) ആഴമുള്ളതായിരിക്കാം ഉള്ളിലോട്ട് ഇറങ്ങരുത്.

2.ചിന്തിച്ച് നിർമ്മിക്കുക പടക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു സുരക്ഷാ പോസ്റ്റർ നിർമ്മിക്കുക.

സമൂഹത്തിൽ സുരക്ഷ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഉത്സവത്തിൽ...

നിന്നെ കാണാതായാൽ നീ എന്ത് ചെയ്യും?

പേടിക്കണ്ട, നിങ്ങളെ സഹായിക്കാനുള്ള ആളുകൾ ഉണ്ട്; അവരോട് സഹായം ചോദിക്കാം.



പോലീസ് സ്റ്റേഷൻ കണ്ടെത്താൻ സമീപത്തുള്ള ആരോടെങ്കിലും സഹായം ചോദിക്കുക.



നിങ്ങളുടെ മാതാപിതാക്കളുടെ ഫോൺ നമ്പർ അവരോട് പറയുക.

അല്ലെങ്കിൽ



നിങ്ങളുടെ സമീപത്ത് നിൽക്കുന്ന മുതിർന്നവരോട് **1098** അല്ലെങ്കിൽ **14417** എന്ന നമ്പറിൽ ബന്ധപ്പെടാൻ ആവശ്യപ്പെടുക.

അധ്യാപക സഹായി

ഈ സാഹചര്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളോട് ചർച്ചചെയ്തു അഭിനയിച്ചു കാണിക്കാൻ ആവശ്യപ്പെടണം.

പ്രവർത്തന സമയം

കുട്ടികൾക്ക് വ്യത്യസ്ത പ്രവർത്തനങ്ങൾ പറഞ്ഞു കൊടുക്കുക. അവ സുരക്ഷിതമാണോ സുരക്ഷിതമല്ലയോ എന്ന് ചിന്തിച്ച് അതിന നുസരിച്ച് അവരെ ചാടാൻ അനുവദിക്കണം.

അധ്യാപക സഹായി

ചെയ്തു പഠിക്കാം

സ്കൂൾ കഴിഞ്ഞശേഷം ആരും കൂട്ടിക്കൊണ്ടു പോകാൻ വന്നില്ലെങ്കിൽ നിങ്ങൾ ആരോട് സഹായം ചോദിക്കും? വഴി കണ്ടുപിടിക്കുക.



പഠനയാത്ര

1. യോജിക്കാത്തഒന്നിനെ വട്ടമിടുക

2. ഉചിതമായ പ്രവൃത്തിക്ക് ഉചിതമായ ഇന്ദ്രിയപദം യോജിപ്പിക്കുക.

ഗന്ധം

കേൾവി

സ്പർശനം

3. നിങ്ങൾക്ക് ദോഷകരമാകുന്ന വസ്തുക്കൾക്ക് വട്ടമിടുക.



4. മീനയ്ക്ക് വഴിതെറ്റിപ്പോയി. അവൾ എന്ത് ചെയ്യണം?

- ◯ പോലീസിനോട് പറയണം.
- ◯ മാതാപിതാക്കളെ അന്വേഷിച്ച് കണ്ടെത്തണം.
- ◯ 1098 / 14417 എന്ന നമ്പറിൽ ബന്ധപ്പെടണം
- ◯ അപരിചിതരായ ആളുകളോടൊപ്പം പോകണം.

ഞാൻ പഠിച്ചത്

- ഇന്ദ്രിയങ്ങൾ ഉപയോഗിച്ച് ചുറ്റുമുള്ള വസ്തുക്കളെ എനിക്ക് വിവരിക്കാൻ കഴിയും.
- വീട്ടിലും സ്കൂളിലും സമൂഹത്തിലും എനിക്ക് സുരക്ഷിതമായിരിക്കാൻ കഴിയും.

ഞാൻ ചെയ്യും

1. താഴെ തന്നിട്ടുള്ള ചിത്രങ്ങൾ നോക്കി സുരക്ഷിതമായ പ്രവർത്തനങ്ങൾക്ക് പച്ച നിറവും സുരക്ഷിതമല്ലാത്ത പ്രവർത്തനങ്ങൾക്ക് ചുവപ്പുനിറവും നൽകുക.

2. സുരക്ഷിതമായ പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

അ) ഞാൻ കുളം അല്ലെങ്കിൽ നദിക്കരയിൽ നിൽക്കുമ്പോൾ _____.

(വെള്ളത്തിൽ കളിക്കും / വെള്ളത്തിൽ നിന്ന് അകന്നു നിൽക്കും)

ആ) ഞാൻ ക്ലാസ് മുറിയിൽ _____.

(മേശയുടെ മുകളിൽ കയറി കളിക്കും/
മേശ എഴുതാൻ ഉപയോഗിക്കും)

3. പ്രവൃത്തിയുമായി ബന്ധപ്പെട്ടവ എടുത്ത് എഴുതുക.

(ഗന്ധം തിരിച്ചറിയുക, കേൾക്കുക, രുചിക്കുക, സ്പർശിക്കുക)

_____ _____ _____

4. പ്രവൃത്തിക്ക് അനുയോജ്യമായ ചിഹ്നം ഉപയോഗിച്ച് യോജിപ്പിക്കുക.

5. വായ്മൊഴി ചോദ്യങ്ങൾ

ആ) നിങ്ങളുടെ കുടുംബത്തിൽ നടക്കുന്ന ദൈനംദിന പ്രവർത്തനങ്ങൾ വിവരിക്കുക.

ആ) വെള്ളം കെട്ടിക്കിടന്നാൽ, ആ സ്ഥലംസുരക്ഷിതമായിരിക്കാൻ നിങ്ങൾ എന്ത് ചെയ്യും?

6. പ്രോജക്ട്

വീട്ടിൽ നിന്നും രണ്ട് ഭക്ഷണ സാധനങ്ങൾ കൊണ്ടുവരിക.

ആ) അവ ഏതൊക്കെയാണ്?

ആ) അവയെക്കുറിച്ച് വിവരിക്കുക.

2 നമുക്ക് ചുറ്റും
അത്ഭുത പ്രകൃതി

വെളിച്ചവും നിഴലും

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നിഴൽ എന്നാൽ എന്ത്? അത് എപ്രകാരം മാറുന്നു?



സൂര്യപ്രകാശത്തിൽ നിൽക്കുക. നിങ്ങളുടെ രൂപം നിലത്ത് ഇരുണ്ടതായി കാണപ്പെടുന്നുണ്ടോ? അതാണ് നിന്റെ നിഴൽ. പ്രകാശത്താൽ നിഴൽ ഉണ്ടാകുന്നു.

പ്രവർത്തന സമയം

നിഴൽ കാണിക്കുക - കളി.

അരുൺ

സലീം

അരുണും സലീമും സൂര്യപ്രകാശത്തിൽ കളിക്കുകയാണ്.

ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ അരുൺ! പ്രവർത്തനങ്ങൾ ചെയ്യുന്നു.

സലീം, അരുണിനെ നോക്കാതെ അവന്റെ നിഴലിനെ നിരീക്ഷിച്ച് അതുപോലെ ചെയ്യുന്നു.

ഈ കളി നിങ്ങളുടെ സുഹൃത്തിനോടൊപ്പം ചെയ്യുക.



പ്രവർത്തന സമയം

1. മൃഗങ്ങൾക്ക് അനുയോജ്യമായ നിഴലുകൾ വട്ടമിടുക.



2.സൂക്ഷ്മമായി നിരീക്ഷിച്ച് വരയ്ക്കുക.

രാവിലെ 10.00 മണി	ഉച്ചയ്ക്ക് 1.00 മണി	വൈകുന്നേരം 3.00 മണി
കൊടിമരം		

ഒരു ദിവസത്തിലെ ഏറ്റവും ചെറിയ നിഴൽ എപ്പോഴാണ് കാണുന്നത്? _____

അധ്യാപക സഹായി

വിദ്യാർത്ഥികളോട് സ്കൂളിലെ കൊടിമരം നിരീക്ഷിച്ച് അതിന്റെ നിഴൽ വരയ്ക്കാൻ ആവശ്യപ്പെടുക.



നിങ്ങൾക്കറിയാമോ?

ഘടികാരം കണ്ടുപിടിക്കുന്നതിനുമുമ്പ്, സൂര്യപ്രകാശത്തിൽ പതിക്കുന്ന നിഴൽ ഉപയോഗിച്ച് ജനങ്ങൾ സമയം മനസ്സിലാക്കിയിരുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

മനുഷ്യരും മൃഗങ്ങളും വൃക്ഷത്തണലിൽ ഇരിക്കാൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ട്?

മരം നമുക്ക് നിഴൽ നൽകുന്നു.

പ്രവർത്തന സമയം

1. ചിത്രം നോക്കി പ്രവൃത്തികൾ എഴുതുക.

സംസാരിക്കുക, കളിക്കുക, കച്ചവടംചെയ്യുക, ഉറങ്ങുക

വ്യക്തികൾ	പ്രവൃത്തി
കുട്ടികൾ	
മുതിർന്നവർ	
സ്ത്രീകൾ	
വ്യാപാരി	

2. ചിത്രത്തിലുള്ള മൃഗങ്ങളുടെ പേര് എഴുതുക.

_____ _____ _____ _____

_____ _____ _____

3. താരതമ്യം ചെയ്യുക.

ആദ്യം സൂര്യപ്രകാശത്തിൽ നിൽക്കുക. തുടർന്ന്, മരത്തിന്റെ ചുവട്ടിലും നിൽക്കുക. നിങ്ങൾക്ക് എന്തു തോന്നുന്നു?

കാറ്റ് (വായു)

ചെയ്തു നോക്കാം.

എങ്ങനെയാണ് ശബ്ദം നിങ്ങളിലേക്ക് എത്തുന്നത്?

1. നിങ്ങളുടെ സുഹൃത്തിനോട് ക്ലാസ് മുറിയിലുള്ള ഒരു മൂലയിൽ നിന്ന് കൈകൊട്ടാൻ പറയണം. നിങ്ങൾക്ക് ആ ശബ്ദം കേൾക്കാൻ കഴിയുന്നുണ്ടോ?



കാറ്റ് വസ്തുക്കളെ ചലിപ്പിക്കുന്നു.
കാറ്റ് ശബ്ദത്തെ കടത്തിവിടുന്നു.
കാറ്റ് ദുർഗന്ധം പരത്തുന്നു.

നമുക്ക് ചുറ്റും കാറ്റ് ഇല്ലെങ്കിൽ എന്ത് സംഭവിക്കും?

2. ശബ്ദം ശ്രദ്ധിക്കുക.

- രണ്ട്വ്യത്യസ്ത നീളമുള്ള ട്യൂബുകൾ എടുക്കുക. (നീളം കൂടിയത്, നീളം കുറഞ്ഞത്)
- ഒരു ട്യൂബ് എടുത്ത് അതിലേക്ക് വായ കൊണ്ട് ഊതി ശബ്ദം പുറപ്പെടുവിക്കുക.
- അതുപോലെ മറ്റേ ട്യൂബിലും ഊതി ശബ്ദം പുറപ്പെടുവിക്കുക.
- ഓരോ ട്യൂബിൽ നിന്നും വരുന്ന ശബ്ദം ശ്രദ്ധിക്കുക



ട്യൂബ്	ഉച്ചത്തിലുള്ള ശബ്ദം (✓/×)	മൃദുവായ ശബ്ദം (✓/×)
നീളം കൂടിയത്		
നീളം കുറഞ്ഞത്		

ചെയ്തു പഠിക്കാം

1. ഏതെല്ലാം ശബ്ദം പുറപ്പെടുവിക്കും? വട്ടമിടുക.

സ്പീക്കർ

മഴ

കമ്പിളിനൂൽ


ഇടി

ചലിക്കുന്നവാഹനം

പുല്ല്

കാക്ക

നായ

തുണി

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ശബ്ദം ഏതാണ്? _____

2. കടലാസിൽ അൽഭുതം.


1 2 3



4 5

ഊതുക

3. ഗന്ധം എങ്ങനെയാണ് നമ്മളിലേക്ക് എത്തുന്നത്?

അടുക്കളയിൽ നിന്നുള്ള ഭക്ഷണത്തിന്റെ ഗന്ധം നിങ്ങളിലേക്ക് എങ്ങനെയാണ് എത്തുന്നത്?

സുഗന്ധം പരത്തുന്ന മൂന്ന് വസ്തുക്കളെ വരയ്ക്കുക.

കാറ്റിന്റെ തരങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചലിക്കുന്ന കാറ്റ് എത്ര ശക്തമാണ്?

കാറ്റ്

ചുഴലിക്കാറ്റ്

ശക്തമായ കാറ്റ്

കൊടുങ്കാറ്റ്

ചലിക്കുന്ന കാറ്റ് മൃദുവായും, ശക്തമായും ഇരിക്കും.

ചിന്തിച്ച് എഴുതുക.

(ശക്തമായ കാറ്റ്, ചുഴലിക്കാറ്റ്, ഇളംകാറ്റ്, കൊടുങ്കാറ്റ്)

ജലം

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നമ്മുടെ വീട്ടിൽ ജലം എവിടെ നിന്നും വരുന്നു?



ജലം, നമ്മുടെ വീട്ടിലെത്തുന്നതിന് മുമ്പ് ദീർഘ ദൂരം സഞ്ചരിച്ചാണ് എത്തുന്നത്.

വ്യത്യസ്ത ജലസ്രോതസ്സുകളെ കുറിച്ച് കുട്ടികൾക്ക് വിശദീകരിക്കുക.

പ്രവർത്തന സമയം

1. നാം ഉപയോഗിക്കുന്ന ജലം നമുക്ക് എവിടെ നിന്നാണ് വരുന്നത്? എഴുതുക.





വാട്ടർ ടാങ്ക്

ജലസംഭരണി

കിണർ

വാട്ടർ ട്രക്ക്

കൈപ്പമ്പ്

പൈപ്പ്

2. നിങ്ങളുടെ വീട്ടിലേക്ക് ജലം എവിടെ നിന്നും വരുന്നു എന്നതിന് (✓) ചിഹ്നം ഇടുക.

3. സുരക്ഷിതമായ കുടിവെള്ളം എപ്രകാരം ലഭിക്കും?

ഒരു പാത്രത്തിൽ ജലം എടുക്കുക — അരിച്ചെടുക്കുക — തിളപ്പിക്കുക — അടച്ചു വയ്ക്കുക — തണുപ്പിക്കുക

ഈ പ്രക്രിയ നിങ്ങളുടെ വീട്ടിൽ പിന്തുടരുക. തിളപ്പിച്ചാറിയ വെള്ളം രോഗങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കും.

ചെയ്തു നോക്കാം

1. കുപ്പിയിൽ നിറയ്ക്കാൻ എത്ര ഗ്ലാസ് വെള്ളം വേണ്ടി വരും? ഊഹിക്കാമോ?

- ഗ്ലാസിൽ വെള്ളം നിറയ്ക്കുക
- അതിനെ ബോട്ടിലിൽ ഒഴിക്കുക
- ജലത്തിന്റെ അളവ് രേഖപ്പെടുത്തുക.
- കുപ്പിയിൽ നിറയുന്നത് വരെ തുടർച്ചയായി ഒഴിക്കുക
- എത്ര ഗ്ലാസ് ജലം ഒഴിച്ചു എന്നത് കണക്കാക്കുക
- നിങ്ങളുടെ ഉത്തരം എഴുതുക



ഏകദേശം മൂല്യം (ഊഹിച്ചത്)	യഥാർത്ഥ മൂല്യം (രേഖപ്പെടുത്തിയത്)

2. പ്രവർത്തനം: ജലത്തിന്റെ ഉപയോഗം.

ഞാൻ ഒരു ദിവസം എത്ര അളവ് ജലം ഉപയോഗിക്കും?

എത്ര ജലം ആവശ്യമാണ്?

കുളിക്കാൻ : ____

പല്ലുതേയ്ക്കാൻ : ____

ബാത്റൂം ഉപയോഗം : ____

കൈ കഴുകാൻ : ____

എത്ര ജലം ആവശ്യമാണ്?

ഉപയോഗം : ____

ഒരു അവധി ദിവസം ഇത് രേഖപ്പെടുത്താൻ അവരെ പ്രോത്സാഹിപ്പിക്കുക

3. ജലത്തിന്റെ സംഗീതം

- മേശപ്പുറത്ത് രണ്ട് കണ്ണാടി ഗ്ലാസ്സുകൾ വയ്ക്കുക.
- ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ അവയിൽ ജലം നിറയ്ക്കുക.
- പെൻസിൽ ഉപയോഗിച്ച് ഗ്ലാസ്സിനെ മെല്ലെ തട്ടുക.
- ശബ്ദം ശ്രദ്ധിക്കുക.
- ശബ്ദത്തിലെ വ്യത്യാസം നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ?

ഗ്ലാസ്സ്	ഉച്ചത്തിലുള്ള ശബ്ദം (✓/×)	മൃദുവായ ശബ്ദം (✓/×)
കുറച്ചു ജലം		
കൂടുതൽ ജലം		

നിങ്ങൾക്ക് അറിയാമോ?
പാത്രങ്ങളിൽ വെള്ളം നിറച്ച് അവയിൽ തട്ടുമ്പോൾ സംഗീതം പുറപ്പെടുവിക്കുന്ന. വാട്ടർ ബൗൾ വാദ്യോപകരണം എന്നത് ജലം നിറച്ച പാത്രങ്ങൾ ഉപയോഗിച്ച് സംഗീതം പുറപ്പെടുവിക്കാവുന്ന ഒരു വാദ്യോപകരണമാണ്.

4. ജലത്തെ ആഗിരണം ചെയ്യുന്ന പദാർത്ഥങ്ങൾ ഏവ?

ഈ പട്ടികയിൽ ജലത്തെ ആഗിരണം ചെയ്യുന്ന പദാർത്ഥങ്ങളും അല്ലാത്തവയും നൽകിയിരിക്കുന്നു

ക്രമ നമ്പർ	ആഗിരണം ചെയ്യുന്നത്	ആഗിരണം ചെയ്യാത്തത്
1.		
2.		
3.		
4.		
ആകെ		

- ഇവയെല്ലാം നിരീക്ഷണ പരിശീലനങ്ങൾ മാത്രമാണ്.
- പരീക്ഷണങ്ങൾ ചെയ്തു കാണിച്ച് വിദ്യാർത്ഥികളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ ആവശ്യപ്പെടണം.

5. കടലാസ് മത്സ്യം ചെയ്യാമോ.



മണ്ണ്

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

മണ്ണിൽ നിന്നും നിർമ്മിച്ച വസ്തുക്കൾ ഏവ?

ഇഷ്ടികൾ


ഓടുകൾ

പാത്രങ്ങൾ

കളിപ്പാട്ടങ്ങൾ

നാം മണ്ണ് ഉപയോഗിച്ച് ഇഷ്ടിക ഓടുകൾ പാത്രങ്ങൾ കളിപ്പാട്ടങ്ങൾ തുടങ്ങിയ പല വസ്തുക്കൾ നിർമ്മിക്കുന്നു.

കൂടാതെ മണ്ണ് മഴവെള്ളത്തെ ശേഖരിച്ച് തടഞ്ഞുനിർത്തുന്നു.

മണ്ണ് മഴവെള്ളത്തെ തടഞ്ഞു നിർത്തിയില്ലെങ്കിൽ എന്ത് സംഭവിക്കും?

ചെയ്തു പഠിക്കാം

ചുവരിൽ പൂർണ്ണമായും വരച്ച് നിറം നൽകുക.



ഇഷ്ടികകൾ എപ്രകാരം അടുക്കി വച്ചിരിക്കുന്നു എന്നത് ശ്രദ്ധിച്ചോ?

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചിത്രത്തിൽ നാം എന്ത് കാണുന്നു?

മുകളിലുള്ള ചിത്രത്തിൽ വായു, ജലം, മണ്ണ് എന്നിവയെ മലിനമാക്കുന്ന വസ്തുക്കൾക്ക് വട്ടമിടുക.

വായു, വെള്ളം, മണ്ണ് എന്നിവ എങ്ങനെ വൃത്തിയായി സൂക്ഷിക്കാം?

മാലിന്യങ്ങൾ കത്തിക്കരുത്. വായു വൃത്തിയായി സൂക്ഷിക്കാം.	മാലിന്യം ജലത്തിൽ വലിച്ചെറിയരുത്. ജലം വൃത്തിയായി സൂക്ഷിക്കാം.	ചവറ്റുകുട്ട ഉപയോഗിക്കാം. മണ്ണ് വൃത്തിയായി സൂക്ഷിക്കാം.

പഠനയാത്ര

1. ശരിയായ നിഴലിന് വട്ടമിടുക.

2. ചിത്രം നോക്കി കാറ്റിന്റെ തരം എഴുതുക. (ചുഴലിക്കാറ്റ്, ഇളം കാറ്റ്)

----

3. മഴ → പൈപ്പ് → നദി → ജലസംഭരണ ടാങ്ക് എന്നിങ്ങനെ മേരി പറഞ്ഞു. ഇതിനെ ശരിയായ ക്രമത്തിൽ എഴുതുക.

_____

4. നിങ്ങളുടെ വീടിന് അരികിലുള്ള ഒരു ജലാശയം വരയ്ക്കുക. (വാട്ടർ ട്രക്ക്, പൈപ്പ്, കിണർ, വാട്ടർ ടാങ്ക്, കുഴൽക്കിണർ)

ഞാൻ പഠിച്ചത്

- പ്രകാശത്താൽ നിഴൽ രൂപപ്പെടുന്നു എന്ന് ഞാൻ മനസ്സിലാക്കി.
- വ്യത്യസ്ത സമയങ്ങളിൽ നിഴലുകളിൽ ഉണ്ടാകുന്ന മാറ്റത്തെ എനിക്ക് പട്ടികയിൽ എഴുതാൻ സാധിക്കും.
- കാറ്റിന്റെ വിവിധതരങ്ങൾക്ക് പേര് നൽകും.
- വീടുകൾക്ക് ആവശ്യമായ ജലസ്രോതസ്സുകളുടെ പേര് എനിക്ക് പറയാൻ സാധിക്കും.
- വായു, ജലം, മണ്ണ് എന്നിവ മലിനമാകാതെ സൂക്ഷിക്കുന്നതിനുള്ള നടപടികൾ ഞാൻ പിന്തുടരും.

നമുക്ക് ചുറ്റുമുള്ള മൃഗങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

മൃഗങ്ങളെ കണ്ടുപിടിച്ച് നിറം നൽകി, അവയുടെ പേരുകൾ പറയുക. അവ എവിടെ ജീവിക്കുന്നു?



നമുക്ക് ചുറ്റും പലവിധത്തിലുള്ള മൃഗങ്ങൾ കാണപ്പെടുന്നു.

മൃഗങ്ങൾ പരസ്പരം എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

കുളത്തിലും കുളത്തിനു ചുറ്റും ഏതൊക്കെ ജീവികളെ നിങ്ങൾക്ക് കാണാൻ കഴിയും?

അധ്യാപക സഹായി

കുളത്തിലുള്ള ജീവികളെക്കുറിച്ച് പറയാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

ജലത്തിൽ ജീവിക്കുന്ന ജീവി - മീൻ

കടൽ, നദി, കുളം മുതലായവയിൽ പലതരത്തിലുള്ളമീനുകൾ കാണപ്പെടുന്നു. മീനുകൾക്ക് നീന്തുന്നതിന്തുഴച്ചിറകുകളും വാൽച്ചിറകുകളും സഹായിക്കുന്നു. മീനുകൾ നീന്തുമ്പോൾ ദിശതിരിക്കാൻ വാൽച്ചിറകുകൾ സഹായിക്കുന്നു.

ചെയ്തു പഠിക്കാം

1. മീനിന്റെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക.



2. ഒരേ തരത്തിലുള്ള മീനുകളെ യോജിപ്പിക്കുക.



ജലത്തിലും കരയിലും ജീവിക്കുന്ന ജീവികൾ.

താറാവ്, തവള മുതലായവ ജലത്തിലും കരയിലും ജീവിക്കുന്നു.

തവള

പാദജാലം
(വെബ്ഡ് ഫീറ്റ്)

താറാവ്

- ഇവയ്ക്ക് ജലത്തിൽ നീന്തുന്നതിന് അനുയോജ്യമായ രീതിയിൽ വിരലുകൾക്കിടയിൽ നേർത്ത ചർമ്മം ഒരു വല പോലെ ബന്ധിപ്പിച്ചിരിക്കുന്നു.
- തവളകൾ കരയിൽ കുതിച്ചും ചാടിയും ചെല്ലുന്നു.

3. കടലാസ് ഉപയോഗിച്ച്, തവളയുടെ രൂപം നിർമ്മിക്കുക.



ചെറു പ്രാണികൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നിങ്ങൾക്ക് ചുറ്റും കാണപ്പെടുന്ന ചെറു പ്രാണികൾ ഏവ?

ബാലുവിന്റെ കുടുംബത്തിലുള്ളവർ ചെറിയ ജീവികളെ സംരക്ഷിക്കുന്നു.



നമുക്കുചുറ്റും തേനീച്ച, ചിത്രശലഭം, ചിലന്തി, ഉറുമ്പ്, പുള്ളിവണ്ട്, പഴുതാര, മൺപുഴു, പുൽച്ചാടി, തുമ്പി, ഈച്ച, തുടങ്ങിയ പലതരത്തിലുള്ള ചെറിയ ജീവികൾ കാണപ്പെടുന്നുണ്ട്.

അധ്യാപക സഹായി

നിങ്ങളുടെ പ്രദേശത്ത് കാണപ്പെടുന്ന ജീവികളെക്കുറിച്ചും അവ എപ്രകാരം ചലിക്കുന്നു എന്നതിനെക്കുറിച്ചും ചർച്ച ചെയ്യാൻ പ്രേരിപ്പിക്കുക.

ചെറു പ്രാണികളുടെ ചലനങ്ങൾ

കാലില്ലാത്തവ - ഇഴഞ്ഞു നീങ്ങുന്നു

മൺപുഴു (മണ്ണിര)

ഒച്ച്

കാലുകൾ മാത്രമുള്ളവ - നടക്കാൻ കഴിയുന്നവ

തേൾ

പഴുതാര

ചിറകുകളും കാലുകളും ഉള്ളവ - നടക്കാനും പറക്കാനും സാധിക്കുന്നവ

ഈച്ച

പുള്ളിവണ്ട്



പാറ്റ

പുൽച്ചാടി

പട്ടികപ്പെടുത്തുക.

ഇഴഞ്ഞു നീങ്ങുന്നവ	നടക്കാൻ മാത്രം കഴിയുന്നവ	പറക്കാനും നടക്കാനും കഴിയുന്നവ
_____	_____	_____
_____	_____	_____

ഇവ വർണ്ണാഭമായ ചില ചെറു പ്രാണികൾ (ഷഡ്പദങ്ങൾ)

പുൽച്ചാടി

തുമ്പി

ചിത്രശലഭം

ചെയ്തു പഠിക്കാം

1. നിറം നൽകുക.





ഒച്ച് തന്റെ വീടിനെ തന്റെ മുതുകിൽ വഹിച്ച ചെല്ലുന്നു.

2. ജീവികളുടെ പേര് എഴുതുക.



പക്ഷികൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നിങ്ങൾക്ക് ചുറ്റും കാണപ്പെടുന്ന പക്ഷികൾ ഏവ?

മൂങ്ങ

തൂക്കണാംകുരുവി

മൈന

പ്രാവ്

തേൻകിളി

കാക്ക

പിടക്കോഴി

തുന്നാരൻപക്ഷി

മയിൽ

പൂവൻകോഴി

അങ്ങാടിക്കുരുവി

തത്ത

മരംകൊത്തി

അധ്യാപക സഹായി

തങ്ങളുടെ പ്രദേശത്ത് കാണപ്പെടുന്ന പക്ഷികളെക്കുറിച്ച് ചർച്ചചെയ്യാൻ ആവശ്യപ്പെടണം.

പ്രാവിന്റെ ഭാഗങ്ങൾ.



ചെയ്തു പഠിക്കാം

1. സൂക്ഷ്മമായി നിരീക്ഷിച്ച പക്ഷികളെ രൂപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുക.

ചെറിയവ	ഇടത്തരം	വലിയവ

2. ഞാൻ ആര്?

(മൂങ്ങ, തത്ത, കാക്ക, പൂവൻകോഴി, മരംകൊത്തി)

1. എനിക്ക് കറുത്ത നിറമാണ്. 'കാ.... കാ...' എന്ന് ശബ്ദം ഉണ്ടാക്കും. _____.
2. എനിക്ക് പച്ച നിറമാണ്, എന്റെ കൊക്കിന് ചുവപ്പ് നിറമാണ് ഉള്ളത്. _____.
3. ഞാൻ മരത്തെ കൊത്തി ദ്വാരം ഉണ്ടാക്കും. _____.
4. ഞാൻ രാത്രിയിൽ ഉണർന്നിരിക്കും. _____.
5. ഞാൻ അതിരാവിലെ കൂകി നിങ്ങളെ ഉണർത്തും. _____.

3. തത്തയ്ക്ക് നിറം നൽകി, ഭാഗങ്ങൾ എഴുതുക.



4. നിങ്ങളുടെ പെരുവിരലിന്റെ അച്ചെടുത്ത് രൂപങ്ങൾ പൂർത്തിയാക്കുക.



വളർത്തുമൃഗങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

പശു, കാള,ആട്,നായ,കോഴി,താറാവ് മുതലായ മൃഗങ്ങൾ നമ്മുടെ വീട്ടിലും പാടത്തും ജീവിക്കുന്നു. നാം അവയെ പരിപാലിക്കുന്നു. അവ നമ്മെ പലവിധത്തിൽ സഹായിക്കുന്നു. ഇവയെ വളർത്തു മൃഗങ്ങൾ എന്നു വിളിക്കുന്നു.

പശു

പുല്ല്മേയും.

കുട്ടിയെ (കന്നുക്കുട്ടിയെ) പ്രസവിക്കും.

കുട്ടിയെ പാലൂട്ടും.

നമുക്ക് പാൽ തരും.

നമ്മോട് ഇണങ്ങി ജീവിക്കും.

കാളകൾ നിലം ഉഴുന്നതിന് സഹായിക്കും.

പശുവിന്റെ ഭാഗങ്ങൾ



ചെയ്തു പഠിക്കാം

1. ഭാഗങ്ങൾ എഴുതുക.



കുളമ്പ് ചെവി

വാൽ കൊമ്പ്

2. ഇലകൾ ഉപയോഗിച്ച് നിർമ്മിക്കുക.



3. മാട്ടു പൊങ്കൽ ദിവസം കാളയെ അലങ്കരിക്കുക.



മലമ്പാമ്പ്

വന്യമൃഗങ്ങൾ

ചില മൃഗങ്ങൾ കാട്ടിൽ വസിക്കുന്നു. അവയെ വന്യമൃഗങ്ങൾ എന്നു വിളിക്കുന്നു. ബാലുവിന്റെ കുടുംബാംഗങ്ങൾ മുതുമല പുലി സംരക്ഷണ കേന്ദ്രത്തിലേക്ക് പോയി. അവർ അവിടെ ചിത്രത്തിലുള്ള മൃഗങ്ങളെ കണ്ടു.

പുലി

കുരങ്ങൻ

പുള്ളിപ്പുലി

മലമുഴക്കി വേഴാമ്പൽ

കഴുകൻ

മാൻ

ആന

മുതല

കരടി

കുറുക്കൻ

വന്യമൃഗങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.

ചെയ്തു പഠിക്കാം

1. ഉചിതമായ മൃഗങ്ങളുടെ തോൽ വരച്ച് പേര് എഴുതുക.





_____ _____ _____

2. പത്തു മൃഗങ്ങളുടെ പേര് കണ്ടുപിടിക്കുക.

മ	ല	ന്വാ	ന്വ്	ങ്ങ	ര	പു	ലി	ക	ല
ല	രി	ക	ര	ടി	നി	പ	നാ	ഴു	ത്ത്
ക	ല	ര	ത	ഉ	ക	ടു	വ	ക	ഇ
കു	ഴ	സിം	ഹം	ച	ര	രി	പ്പ	ൻ	ക
കു	റു	ക്ക	ൻ	ല	ങ്ങ	ല	ക്ഷി	ല	ല
വി	ല	ൻ	ലി	പു	യി	ല	ങ്ങ	ക	മാ
പ	പു	മു	പു	ള്ളി	പ്പു	ലി	ര	ല	ൻ
എ	ൻ	മ	നം	ക	കു	ര	ങ്ങ	ൻ	ഉ
ങ്ങ	ന	വ	മാ	ൻ	വ	ല	ത	ൻ	ത

പഠനയാത്ര

1. പ്രാവിന്റെ ഭാഗങ്ങൾ എഴുതുക.



(കൊക്ക്,ചിറക്,വാൽ, മൂർച്ചയേറിയനഖങ്ങൾ)

2. ആട്, മീൻ ഇവയുടെ രണ്ട് ഭാഗങ്ങൾ എഴുതുക.

(ശൽക്കം, കൊമ്പുകൾ, കുളമ്പുകൾ, ചെകിളകൾ)

3. ചിത്രം നോക്കി പറയുക.



1. ഈ ചെറിയ ജീവിയുടെ പേര് പറയുക?
2. ഇത് എപ്രകാരം ചലിക്കും?

ഞാൻ പഠിച്ചവ

- ജീവികൾ (മൃഗങ്ങൾ) പലതരത്തിൽ ഉണ്ട് എന്നത് മനസ്സിലാക്കി.
- എനിക്ക് ചില ജീവികളുടെ ഭാഗങ്ങൾ അടയാളപ്പെടുത്താൻ കഴിയും.
- പലതരത്തിലുള്ള ജീവികൾ, എവിടെ വസിക്കുന്നു, അവ എപ്രകാരം ചലിക്കുന്നു എന്നത് മനസ്സിലാക്കി.

ഞാൻ ചെയ്യും

1. ഇഴഞ്ഞു പോകാത്ത ജീവിയെ വട്ടമിടുക.

ഒച്ച്

പുൽച്ചാടി

മൺപുഴ

2. ജലത്തിലും കരയിലും സഞ്ചരിക്കാൻ താറാവിനെ സഹായിക്കുന്ന ഭാഗം വട്ടമിട്ട് എഴുതുക.

_____

3. ചിത്രം നോക്കി നിഴൽ പൂർത്തിയാക്കുക.



4. ചിത്രങ്ങളെ 1 മുതൽ 4 വരെ സംഖ്യ എഴുതി ക്രമപ്പെടുത്തുക.

☐

☐

☐

☐

5. കാറ്റിനെയും ജലത്തെയും മലിനമാക്കുന്ന പ്രവർത്തനത്തിന് ● നിറം നൽകുക.

6. വായ്മൊഴി ചോദ്യങ്ങൾ.

ആ) നിങ്ങളുടെ ക്ലാസിൽ ഉള്ളവരുമായി പാർക്കിൽ പോകുമ്പോൾ പാർക്കിനെ വൃത്തിയായി സൂക്ഷിക്കാൻ സ്വീകരിക്കേണ്ട ഒരു മാർഗ്ഗം ചർച്ച ചെയ്യുക.

ആ) വളർത്തുമൃഗങ്ങൾക്കും വന്യമൃഗങ്ങൾക്കും തമ്മിലുള്ള വ്യത്യാസം എന്താണ്?

7. പ്രവർത്തന പദ്ധതി.

ആ) നിങ്ങളുടെ വീട്ടിൽ കാണപ്പെടുന്ന മൂന്ന് വളരെ ചെറിയ ജീവികളുടെ പേരുകൾ നിരീക്ഷിച്ച് എഴുതുക. അവയുടെ ഉചിതമായ ചലനം (✓) ചെയ്യുക.

ജീവി	നടക്കും	ഇഴയും	പറക്കും	ചാടും

ആ) നിങ്ങളുടെ വീട്ടിലുള്ള മണ്ണുകൊണ്ട് നിർമ്മിച്ച ഒരു വസ്തുവിനെ കണ്ടുപിടിച്ച് അത് വരയ്ക്കുക. ആ വസ്തുവിന്റെ പേരും അതിന്റെ ഉപയോഗവും അധ്യാപകനോട് പറയുക.

കാര്യക്ഷമമായി പ്രവർത്തിക്കുക! വ്യക്തമായി ചിന്തിക്കുക!

ദിവസേന കുട്ടികളുടെ ശ്രദ്ധയെയും മനസ്സിനെയും ഏകോപിപ്പിക്കാൻ ആഴ്ചയിൽ ഒരു പരിശീലനം വീതം 5 മിനിറ്റ് ചെയ്യിക്കണം.

1.

നിൽക്കുന്ന സ്ഥലത്ത് രണ്ട് പ്രാവശ്യം നടക്കണം..

ഇടത് കൈ വശത്തേക്ക് നീട്ടിയും വലുതുകൈ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇടതുവശത്തേക്ക് രണ്ട് ചുവടുകൾ വയ്ക്കുക.

നിൽക്കുന്ന സ്ഥലത്ത് രണ്ടു തവണ നടക്കണം

വലുത് കൈ വശത്തേക്ക് നീട്ടിയും ഇടതു കൈ ഉയർത്തിപ്പിടിച്ചുകൊണ്ട് വലതുവശത്തേക്ക് രണ്ട് ചുവടുകൾ വയ്ക്കുക.

2.

നിങ്ങളുടെ കൈകൾ നീട്ടി ശരീരം വലത്തോട്ട് തിരിക്കുക.

നിങ്ങളുടെ കൈകൾ നീട്ടി ശരീരം ഇടത്തോട്ട് തിരിക്കുക.

നിങ്ങളുടെ വലതു കൈ തലയ്ക്ക് മുകളിൽ ഉയർത്തി ഇടതുവശത്തേക്ക് ചരിയുക. ഇടതു കൈ വയറിനു മീതെ വയ്ക്കുക.

നിങ്ങളുടെ ഇടതുകൈ തലയ്ക്ക് മുകളിൽ ഉയർത്തി വലതുവശത്തേക്ക് ചരിയുക. വലതു കൈ വയറിനു മീതെ വയ്ക്കുക.

3.



രണ്ട് കൈകളുടെയും ചൂണ്ടുവിരലുകൾ ഉപയോഗിച്ച് ചതുരം വരയ്ക്കുക.

രണ്ട് കൈകളുടെയും ചൂണ്ടുവിരലുകൾ ഉപയോഗിച്ച് വൃത്തം വരയ്ക്കുക.

രണ്ട് കൈകളുടെയും ചൂണ്ടുവിരലുകൾ ഉപയോഗിച്ച് 8 എന്ന സംഖ്യ വരയ്ക്കുക.

4.

നിങ്ങളുടെ കൈവിരലുകൾ മടക്കി കൈകൾ വലത്തുനിന്ന് ഇടത്തേക്ക് 3 പ്രാവശ്യവും ഇടത്തുനിന്ന് വലത്തോട്ട് 3 പ്രാവശ്യവും ചുഴറ്റുക.

ഘടന പൂർത്തിയാക്കാം





പഠനയാത്ര

മൃഗങ്ങളുടെ വൈവിധ്യം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രീതികളിൽ തരംതിരിക്കൽ.

പ്രകാശം, വായു, ജലം, മണ്ണ് എന്നിവ ജീവിതത്തിന് എങ്ങനെ സഹായിക്കുന്നു എന്നത് മനസ്സിലാക്കി അവയെ സംരക്ഷിക്കാനുള്ള വഴികൾ പിന്തുടരൽ.

വീട്ടിലും സ്കൂളിലും സമൂഹത്തിലും സുരക്ഷാ നിയമങ്ങൾ മനസ്സിലാക്കി പിന്തുടരൽ.

പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിച്ച് വസ്തുക്കളെ തരംതിരിക്കൽ

സഹപാഠികളുമായി യോജിച്ച് പ്രവർത്തിച്ച് വ്യത്യസ്ത സാഹചര്യങ്ങളിൽ നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ പഠിക്കൽ.

കുടുംബത്തിലെ ദൈനംദിന ജോലികളിൽ പങ്കെടുക്കുകയും മുതിർന്നവരെ സഹായിക്കുകയും ചെയ്യൽ.

Standard 2 - Mathematics - Term - I- Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
SCERT, Chennai.

List of Translators

V. Deepu,
Sec. Gr.Teacher,
P.U.P.S Pandalur, Gudalur Block,
The Nilgris.

J. Aji,
Sec . Gr. Teacher,
G.H.S.S Palukal,
Kanniyakumari District.

D.S. Mini,
BT Asst,
G.H.S Puliyoorsalai,
Kanniyakumari District.

Art and Design Team

M. Amalraj,
Layout Co-ordinator
B.T. Asst., SCERT, Chennai.

M.A. Manikaraj Prabahar, Designer

T.K. Poornachandran, Designer

Illustration

R. Rajesh

Wrapper Design

Kathir Arumugam

Standard 2 - Environmental Science - Term - I- Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
SCERT, Chennai.

List of Translators

V.R. Sreeja,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari District.

Y. Thomas,
Sec. Grade Teacher,
M.S.C.M.S, Mankuzhi
Adaikkakuzhi,
Kanniyakumari District.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

K. Sinthuja, Designer

V. Vinothkumar, Designer

Illustration

M. Gurumani, Art master,
Govt. Model HSS, Arumbakkam,
Chennai.

Wrapper Design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: